## കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എൽ.എ.സി -എ.ഡി.എസ് 2016-17 - നിലമ്പൂർ നിയോജക മണ്ഡലം - അമ്പലപ്പടി-കുറ്റംപാറ റോഡ് എന്ന പ്രവൃത്തി - പു തുക്കിയ ഭരണാനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്**

**സ.ഉ(സാധാ)നം.1271/2017/തസ്വഭവ** **തിരുവനന്തപുരം, തീയതി :22.04.2017.**

---

പരാമർശം :- (1) സ.ഉ. (ആർറ്റി)നം. 762/16/തസ്വഭവ തീയതി 24/02/2016

(2) ശ്രീ. പി.വി. അൻവർ എം.എൽ.എയുടെ 21/12/2016 ലെ കത്ത്

(3) തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഡിബി 4-13307/16/സി.ഇ/തസ്വഭവ നമ്പ കത്ത്

### ഉത്തരവ്

പരാമർശത്തിലെ സർക്കാർ ഉത്തരവു പ്രകാരം കരുളായി ഗ്രാമപഞ്ചായത്തിലെ "അമ്പലപ്പടി -കുറ്റംപാറ റോഡ് "എന്ന പ്രവർത്തിക്ക് 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പൊതുമരാമത്ത് വകുപ്പിലേക്ക് തുക ഒടുക്കിയിട്ടില്ലാത്തതിനാൽ പ്രസ്തുത പ്രവർത്തി കരുളായി ഗ്രാമപഞ്ചായത്തിന്റെ പ്രാദേശിക വികസന പദ്ധതിയിൽ ഉൾപ്പെടുത്തി മാർഗ്ഗരേഖയ്ക്ക് വിധേയമായി നിർവ്വഹിക്കാവുന്നതാണെന്ന് പരാമർശം 3 ലെ കത്ത് പ്രകാരം തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ശുപാർശ ചെയ്യുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലമ്പൂർ നിയോജക മണ്ഡലത്തിലെ കരുളായി ഗ്രാമപഞ്ചായത്തിലെ "അമ്പലപ്പടി -കുറ്റംപാറ റോഡ് " എന്ന 50 ലക്ഷം രൂപയുടെ പ്രവൃത്തി ഗ്രാമപഞ്ചായത്ത് മുഖേന നടപ്പിലാക്കുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

3) പരാമർശത്തിലെ സർക്കാർ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനില്ക്കുന്നതാണ്.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**
**എ.കെ.മോഹനകുമാർ**
**ഗവ.ജോയിന്റ് സെക്രട്ടറി.**

ശ്രീ. പി.വി. അൻവർ, എം.എൽ.എ, നിലമ്പൂർ ( ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ. തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, മലപ്പുറം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ഡയറക്ടർ, ട്രഷറി, തിരുവനന്തപുരം
സെക്രട്ടറി, കരുളായി ഗ്രാമ പഞ്ചായത്ത്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ